**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2810** **03-08-2021 - ൽ മറുപടിയ്ക്ക്**

**അതിഥി അധ്യാപകരുടെ വേതനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. തോമസ് | | Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിലെ സർക്കാർ എയ്ഡഡ് കോളേജുകളിലെ അതിഥി അധ്യാപകരുടെ നിലവിലെ വേതനം എത്രയാണെന്ന് അറിയിക്കുമോ; ഈ കാര്യത്തിൽ 4.7.2018-ന് ഇറക്കിയ സർക്കാർ ഉത്തരവിന് ശേഷം പിന്നീട് വേതന വർദ്ധനവ് ഉണ്ടായിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | (എ) | കേരളത്തിലെ സർക്കാർ എയ്ഡഡ് കോളേജുകളിലെ അതിഥി അധ്യാപകരുടെ നിലവിലെ വേതനം യു.ജി.സി യോഗ്യതയുള്ളവർക്ക് പ്രതിദിനം 1750/- രൂപ എന്ന നിരക്കിൽ പരമാവധി ഒരു മാസം 43750/- രൂപയും, യു.ജി.സി യോഗ്യത ഇല്ലാത്തവർക്ക് പ്രതിദിനം 1600/-രൂപ എന്ന നിരക്കിൽ പരമാവധി ഒരു മാസം 40,000/- രൂപയും ആണ്; പ്രസ്തുത ഉത്തരവിന് ശേഷം വേതന വർദ്ധനവ് ഉണ്ടായിട്ടില്ല. |
| (ബി) | യു.ജി.സി. 2019 ജനുവരി 28-ന് ഇറക്കിയ സർക്കുലറിൽ അതിഥി അധ്യാപകരുടെ വേതനം മണിക്കൂറിൽ ആയിരത്തി അഞ്ഞൂറ് എന്ന നിരക്കിൽ വർദ്ധിപ്പിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; യു.ജി.സി. യുടെ പ്രസ്തുത ഉത്തരവ് നടപ്പിലാക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ നൽകിയ നിർദ്ദേശത്തിന്മേൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്; യു.ജി.സി. യുടെ പ്രസ്തുത ഉത്തരവ് നടപ്പിലാക്കണമെന്ന മനുഷ്യാവകാശ കമ്മീഷൻ നൽകിയ നിർദ്ദേശത്തിന്മേൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | വിവിധ ഡി.ഡി.ഇ. ഓഫീസുകളിലെ ജീവനക്കാരുടെ അനാസ്ഥ കാരണം അതിഥി അധ്യാപകരുടെ ശമ്പള ബില്ലുകൾ മുടങ്ങിയിട്ടുള്ളതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സ്ഥിര അധ്യാപകരുടെ ബില്ലുകൾ വീഴ്ച കൂടാതെ നൽകുകയും അതിഥി അധ്യാപകരുടെ വേതന ബില്ലുകൾ നൽകുന്നതിൽ വീഴ്ച വരുത്തുകയും ചെയ്ത ജീവനക്കാർക്കെതിരെ ശിക്ഷാ നടപടി സ്വീകരിക്കുമോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല; അതിഥി അധ്യാപകരുടെ ശമ്പളം മാറുന്നതിന് ആവശ്യമായ എല്ലാ രേഖകളും സഹിതം ബില്ലുകൾ ഹാജരാക്കുന്ന മുറയ്ക്ക് യഥാസമയം തന്നെ ശമ്പളം മാറുന്നതിന് ആവശ്യമായ അനുവാദം നല്കി വരുന്നു. |
| (ഡി) | ഉന്നതവിദ്യാഭ്യാസ വകുപ്പ് 21.10.2017-ന് ഇറക്കിയ ഉത്തരവ് പ്രകാരം എല്ലാ എയ്ഡഡ് കോളേജ് പ്രിൻസിപ്പൽമാരും അതിഥി അധ്യാപകരുടെ മുൻ മാസത്തെ വേതന ബിൽ സമർപ്പിച്ചിട്ടുണ്ടെന്ന സാക്ഷ്യപത്രം ശമ്പള ബില്ലിനോടൊപ്പം നൽകണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ; എങ്കിൽ | (ഡി) | എല്ലാ എയ്ഡഡ് കോളേജ് പ്രിൻസിപ്പൽമാരും അതിഥി അധ്യാപകരുടെ മുൻ മാസത്തെ വേതന ബിൽ സമർപ്പിച്ചിട്ടുണ്ടെന്ന സാക്ഷ്യപത്രം ശമ്പള ബില്ലിനോടൊപ്പം നൽകണമെന്ന് വ്യവസ്ഥ ചെയ്ത് ഉന്നത വിദ്യാഭ്യാസ വകുപ്പിൽ നിന്നും ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ല. എന്നാൽ |

| | | | |
|---|---|---|---|
| | ഇതിൽ വീഴ്ച വരുത്തിയ പ്രിൻസിപ്പൽമാർക്കെതിരെ എന്ത് നടപടികൾ സ്വീകരിച്ചു എന്ന് അറിയിക്കാമോ? | | 21.10.2017 – ൽ കോഴിക്കോട് കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും ഇപ്രകാരം നിർദ്ദേശിച്ചുകൊണ്ട് ഒരു സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്; ഇത്തരത്തിൽ വീഴ്ച വരുത്തിയെന്ന പരാതികളൊന്നും ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ